ശ്രീ. കെ. ഐ. വേലായുധൻ : അതിന പല കാരണങ്ങൾ ഉണ്ട്.

ശ്രീ. എം. എ. ജോൺ : ലാൻഡ് അക്വയർ ചെയ്യുന്നതിനും മറ്റും നേരിടുന്ന വിഷമങ്ങൾകൊണ്ടാണോ ഈ കാലതാമസം ഉണ്ടാകുന്നത് ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെയും ചില വിഷമങ്ങൾ ഉണ്ടാകുന്നുണ്ട്. അവയൊക്കെ പരിഹരിക്കാൻ ശ്രമിക്കുന്നുമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞിട്ട് ആറ മാസമായിട്ടും അനുവദിച്ചിട്ടുള്ളതിൽ 25 ശതമാനം പ്രവൃത്തനംപോലും നടത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: പൂർത്തിയാകാതെ കിടന്ന പണികൾ ഇതിനകം മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ പണികൾ തുടങ്ങാൻ ആരംഭിച്ചിട്ടുമുണ്ട്.

ട്രാവൻകൂർ സിമൻറ്സ് കമ്പനി.

* 23. [25] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാൻഡിംഗ് ഓർഡേഴ്സിനു വിരുദ്ധമായി പ്രവർത്തിച്ച കാരണത്തിന് ഏതെങ്കിലും മാനേജ്മെൻറിനെ പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ട്രാവൻകൂർ സിമൻറ്സ് കമ്പനിയുടെ ഫാക്ടറിയിലെ സ്റ്റാൻഡിംഗ് ഓർഡേഴ്സിനു വിരുദ്ധമായി കുറെ തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുള്ളതായി ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ആയതിലേയ്ക്ക് മാനേജ്മെൻറിനെ പ്രോസിക്യൂട്ട് ചെയ്യണമെന്ന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു ലഭിച്ചു, അതിന്മേൽ ഗവണ്മെൻറിൽ നിന്നോ ലേബർ ഡിപ്പാർട്ട്മെൻറിൽ നിന്നോ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പ്രോസിക്യൂട്ടുചെയ്തിട്ടില്ല.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) മാനേജ്മെൻറിനെ പ്രോസിക്യൂട്ട ചെയ്യണമെന്ന നിവേദനം 1954 നവംബർ മാസത്തിൽ കിട്ടി; അതിന്മേൽ ആവശ്യമായ നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ നടപടികൾ എന്തായിരുന്നു എന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : മാനേജ്മെൻറിനെ പ്രോസിക്യൂട്ട ചെയ്യേണ്ടയാവശ്യമില്ലെന്നു തീരുമാനിച്ചു.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സിമൻറ് ഫാക്ടറിയിലെ മാനേജ്മെൻറ് സ്റ്റാൻഡിംഗ് ഓർഡർ ലംഘിച്ചതായി ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ഇല്ലെന്നാണ് റിപ്പോർട്ടുകൊണ്ട് കാണുന്നതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സിമൻറഫാക്റ്ററി സ്റ്റാൻഡിംഗ് ആർഡർ അനുസരിച്ചു നോട്ടീസു കൊടുക്കാതെ തൊഴിലാളിയെ പിരിച്ചുവിടാൻ പാടില്ലെന്ന വ്യവസ്ഥയുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: 1951 ഡിസംബർ 12-ാം തീയതി ആ സിമൻറ ഫാക്റ്ററിയിൽ 450-ൽ പരം തൊഴിലാളികൾ ഉള്ളതിൽ 427 പേർ തിരിയെ ജോലിയിൽ പ്രവേശിക്കുവാൻ തയാറാണെന്നു കാണിച്ചു ഒരു മെമ്മോറാണ്ടം ഒപ്പിട്ടു കൊടുത്തു. മാനേജുമെൻറ്, ജനുവരി 16-ാം തീയതിക്കകം തൊഴിലാളികളെ ഹാജരാകുവാൻ നോട്ടീസു കൊടുത്തു. 20-ാം തീയതിക്കകം വന്നവരെ എടുത്തു. അങ്ങനെ 425 പേരെ എടുത്തിട്ടുണ്ട്. 27 പേർ വന്നില്ല. അവരെപ്പറ്റി യാതൊരു വിവരവും അറിഞ്ഞുകൂടാ. 3 വർഷത്തേയ്ക്ക് അവർ എവിടെയുണ്ടെന്നുപോലും അറിഞ്ഞുകൂടായിരുന്നു. അതുകഴിഞ്ഞു കുറെ രാഷ്ട്രീയ പ്രവർത്തകന്മാർ എവിടെ നിന്നോ അവരെ കൊണ്ടുവന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരങ്ങളിൽ നിന്നുതന്നെ ഈ തൊഴിലാളികളെ പിരിച്ചുവിടാൻ കാരണം ചോദിക്കുന്നില്ലെന്നതു് വ്യക്തമാകുന്നുണ്ട്. കാരണം ചോദിക്കാതെ പിരിച്ചുവിടാൻ പാടില്ലെന്ന വ്യവസ്ഥയുള്ളപ്പോൾ ഈ തൊഴിലാളികളെ പിരിച്ചുവിട്ടതു തെറ്റല്ലേ?

ശ്രീ. എ. ജെ. ജാൺ: അവരോടു ചോദിക്കാൻ അവരെ കിട്ടണ്ടേ കയ്യിൽ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: പിന്നീടു് കയറിയ ആളുകളോടു് എക്സ്പ്ലനേഷൻ ഒന്നും ചോദിക്കാതെയാണു ജോലിയിൽ പ്രവേശിപ്പിച്ചതെന്നു അറിയാമോ?

ശ്രീ. എ. ജെ. ജാൺ? ഗവണ്മെൻറിനെറ അറിവു അങ്ങനെയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഗവണ്മെൻറിനു കിട്ടിയ റിപ്പോർട്ടു ശരിയല്ലെന്നു തെളിയിക്കാൻ ഞാൻ തയാറാണു്, എങ്കിൽ നടപടി നടത്തുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ഗവണ്മെൻറ അനേപക്ഷിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു ചോദ്യം ചോദിച്ചാൽ അതിനെപ്പറ്റി ശരിയായ ഒരു മറുപടി പറയേണ്ട ചുമതല ബഹുമാനപ്പെട്ട മന്ത്രിക്കില്ലേ? നടപടി നടത്തുമോയെന്നു ചോദിച്ചാൽ അതിനെപ്പറ്റി അനേപക്ഷിക്കാമെന്നാണോ പറയേണ്ടതു്?

If the Speaker can kindly ask the Minister to give a correct answer, I will be obliged.

ശ്രീ. എ. ജെ. ജാൺ: അനേപക്ഷിക്കാമെന്നു പറഞ്ഞാൽ തന്നെ ഒരു നടപടിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാഘവക്കുറുപ്പ് : സസ്പെൻഡ് ചെയ്തിട്ടുള്ള ഓഫീസുകളുടെ പേരിൽ മൂന്നു വർഷമായി നടപടി നടക്കുകയോ, സസ്പെൻഷൻ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ലെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൻ : ആരേയും സസ്പെൻഡ് ചെയ്തിട്ടില്ല. ഏതാനും പേരെ മൂന്നു വർഷമായി കാണാനില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അവരെ സസ്പെൻഷനിൽ നിർത്തിയിരിക്കുകയായിരുന്നുവെന്നും ഇതുവരെ അവരുടെ പേരിൽ യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നും ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. എ. ജെ. ജാൻ : നേരത്തെ പറഞ്ഞല്ലോ അതിനെപ്പറ്റി അന്വേഷിക്കാമെന്ന്.

ശ്രീ. ടി വി. തോമസ് : 425 പേർ ഒപ്പിട്ട ഒരു ഹർജ്ജി തന്നിട്ടുണ്ട് എന്നു പറഞ്ഞു. അതിൽ പലരേയും ഇപ്പോഴും വെളിയിൽ നിർത്തിയിരിക്കുകയാണെന്ന് അറിയാമോ ?

ശ്രീ. എ. ജെ. ജാൻ : അറിഞ്ഞു കൂടാ

ശ്രീ. ടി. വി. തോമസ് : അപ്പോൾ പിരിച്ചുവിട്ടവരെ കാണാഞ്ഞിട്ടാണ് അവരോട് എക്സ്പ്ലനേഷൻ ചോദിക്കാത്തത് എന്നു പറഞ്ഞല്ലോ. ഇപ്പോൾ കണ്ടുകിട്ടിയ നിലയ്ക്ക് അവരോട് എക്സ്പ്ലനേഷൻ ചോദിക്കുന്നതിൽ എന്താണ് വിരോധം ?

ശ്രീ. എ. ജെ. ജാൻ : അവരോട് എക്സ്പ്ലനേഷൻ ചോദിക്കേണ്ട കാര്യമില്ല. തങ്ങളെ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് അതിനു തയ്യാറായവരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ട ആവശ്യമേ കമ്പനിക്കാക്കുണ്ടായിരുന്നുള്ളൂ.

ശ്രീ. ടി. വി. തോമസ് : കാരണം കൂടാതെ ഇവരെ തൊഴിലാളികളെ പിരിച്ചുവിട്ടു എന്നല്ലേ പരാതി ?

ശ്രീ. എ. ജെ. ജാൻ : പരാതി എന്താണെന്ന് എനിക്ക് ശരിയായിട്ട് അറിഞ്ഞുകൂടാ.

എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ.

* 24. [26] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ നിർത്തലാക്കിയോ എന്ന് ;

(ബി) അതു നിർത്തലാക്കുന്ന കാലത്തു് എത്ര കേസുകൾ ആ കോടതിയിൽ നിലവിലുണ്ടായിരുന്നു;

(സി) എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ നിർത്തലാക്കുന്ന കാലത്തു് ആ കോടതിയിലുണ്ടായിരുന്ന എത്ര കേസുകൾ തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേയ്ക്കു് ഗവണ്മെന്റിൽ നിന്നും റഫർ ചെയ്തു ; എത്ര കേസുകൾ മേൽപ്രകാരം തിരുവനന്തപുരം ട്രിബ്യൂണലിലേയ്ക്കു് റഫർ ചെയ്തിട്ടില്ല ;

LIBRARY ARCHIVES Kerala Legislative Assembly